**പതിനാലാം കേരള നിയമസഭ**
**ഒൻപതാം സമ്മേളനം**
**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.2261 – 5/2/2018 - ലെ മറുപടിക്ക്**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. അബ്ദുൾ ഹമീദ്.പി. | ഡോ. തോമസ് ഐസക്ക്<br>ബഹു. ധനകാര്യവും കയറും വകുപ്പുമന്ത്രി |

**വിഭവ വിന്യാസം**

| ചോദ്യം | മറുപടി |
|---|---|
| (എ)<br>കേന്ദ്രവും സംസ്ഥാനങ്ങളും തമ്മിലുള്ള വിഭവ വിന്യാസത്തിനായി 2011-ലെ സെൻസസ് വിവരങ്ങൾ മാനദണ്ഡമാക്കുന്നതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ഉണ്ട്. പതിനാലാം ധനകാര്യ കമ്മീഷൻ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് നൽകിയ വിഭവ വിന്യാസത്തിൽ 2011-ലെ ജനസംഖ്യയാണ് മാനദണ്ഡമായി സ്വീകരിച്ചിട്ടുള്ളത്. കൂടാതെ സംസ്ഥാനങ്ങൾക്കുള്ള നികുതി വിഹിതം കണക്കാക്കുന്നതിനും 2011 ജനസംഖ്യ മാനദണ്ഡമായി പരിഗണിച്ചിട്ടുണ്ട്. |
| (ബി)<br>2011-ലെ സെൻസസ് വിവരങ്ങൾ അടിസ്ഥാനമാക്കിയുള്ള വിഭവ വിന്യാസം എത്രത്തോളം ഗുണകരമാകുമെന്ന് പരിശോധിച്ചിട്ടുണ്ടോ; | ഉണ്ട്. പതിമൂന്നാം ധനകാര്യ കമ്മീഷൻ 1971-ലെ സെൻസസ് പ്രകാരം 25 ശതമാനം മുൻഗണന ജനസംഖ്യയ്ക്ക് നല്കിയപ്പോൾ പതിനാലാം ധനകാര്യ കമ്മീഷൻ 17.5 ശതമാനമാണ് നിശ്ചയിച്ചത്. എന്നാൽ ജനസംഖ്യാ വ്യതിയാനത്തിന് 10% മുൻ ഗണന പതിനാലാം ധനകാര്യ കമ്മീഷൻ അധികമായി നൽകിയത് നികുതിവിഹിതം വർദ്ധിക്കാനിടയുണ്ട്.<br>2001 സെൻസസ് അടിസ്ഥാനമാക്കി പതിമൂന്നാം ധനകാര്യകമ്മീഷൻ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ വിഹിതം നിശ്ചയിച്ചപ്പോൾ ദേശീയ ജനസംഖ്യയുടെ **3.106%** ലഭിച്ചു. എന്നാൽ 2011-ലെ സെൻസസ് പ്രകാരം പതിനാലാം ധനകാര്യകമ്മീഷൻ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ വിഹിതം നിശ്ചയിച്ചപ്പോൾ ഇത് **2.673** ശതമാനമായി കുറഞ്ഞത് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ വിഭവ വിന്യാസത്തേയും ബാധിച്ചിട്ടുണ്ട്. |

| | |
|---|---|
| (സി)<br>കേന്ദ്രസർക്കാരിൽ നിന്ന് സംസ്ഥാനത്തിന് അർഹമായ വിഹിതം നേടിയെടുക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | സംസ്ഥാനസർക്കാർ പതിനാലാം ധനകാര്യകമ്മീഷന് സമർപ്പിച്ച നിവേദനത്തിലെ പ്രധാന നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.<br><br>1. സംസ്ഥാനങ്ങൾക്ക് വിഭജിക്കാവുന്ന കേന്ദ്ര നികുതി വിഹിതം നിലവിലുള്ള 32 ശതമാനത്തിൽ നിന്നും 50 ശതമാനമായി വർദ്ധിപ്പിക്കണം<br><br>2. കഴിഞ്ഞ മൂന്ന് വർഷങ്ങളായി നിലവിലുള്ള സെസ്സുകളും സർചാർജ്ജുകളും വിഭജിക്കാവുന്ന കേന്ദ്ര നികുതി വിഹിതത്തിന്റെ പരിധിയിൽ കൊണ്ടു വരണം.<br><br>3. കേന്ദ്ര റവന്യൂ വരുമാനത്തിന്റെ വിവിധ ഇളവുകൾക്കായി മാറ്റി വയ്ക്കുന്ന തുകയുടെ (Revenue forgone) തോത് മൊത്തം ആഭ്യന്തര ഉത്പാദനത്തിന്റെ നിലവിലുള്ള 6 ശതമാനത്തിൽ നിന്നും 3 ശതമാനമായി കുറയ്ക്കണം.<br><br>4. സംസ്ഥാനങ്ങൾക്കിടയിൽ വിഭജിക്കാവുന്ന നികുതി വിഹിതം നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡത്തിൽ ജനസംഖ്യയ്ക്ക് മുൻതൂക്കം നൽകണം.<br><br>5. വനം, ജനസംഖ്യയിലെ വൃദ്ധരുടെ എണ്ണം, നഗരവൽക്കരണം, യഥാർത്ഥ ജനസാന്ദ്രത എന്നിവ കൂടി കണക്കിലെടുത്ത് കൊണ്ട് 1971-ലെ ജനസംഖ്യയെ ക്രമപ്പെടുത്തണം.<br><br>6. മുൻകാല കേന്ദ്ര വായ്പകളും അതിന്മേലുള്ള പലിശയും എഴുതിതള്ളണം.<br><br>7. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്കുള്ള ധനസഹായം സംസ്ഥാനങ്ങൾക്കായി വിഭജിക്കാവുന്ന നികുതി വിഹിതത്തിന്റെ 5 ശതമാനമായി വർദ്ധിപ്പിക്കണം.<br><br>8. യഥാർത്ഥ വരുമാനകമ്മി (മൂലധന ഗ്രാന്റ് കഴിച്ചുള്ള അറ്റ റവന്യൂ കമ്മി) എന്ന ആശയത്തിന് മതിയായ അംഗീകാരം നൽകണം.<br><br>9. റവന്യൂ കമ്മി സംസ്ഥാനത്തിന്റെ മൊത്തം ആഭ്യന്തര ഉല്പാദനത്തിന്റെ 1.5 % ആയി നിജപ്പെടുത്തി കൊണ്ട് ധന ഉത്തരവാദിത്ത |

| | |
|---|---|
| | നിയമത്തിലെ ലക്ഷ്യം പുന:ക്രമീകരിക്കുകയും ആയത് 5 വർഷത്തിലൊരിക്കൽ അവലോകനം ചെയ്യാവുന്നതുമാണ്.<br><br>10. വനവിഭവങ്ങളിൽ നിന്നുള്ള വരുമാന നഷ്ടവും ഉയർന്ന കാർബൺ നിക്ഷേപവും കണക്കിലെടുത്തു കൊണ്ട് വന സംരക്ഷണം നടത്തുന്നതിന് കേരളത്തിന് അർഹമായ നഷ്ട പരിഹാരം നൽകണം.<br><br>11. ചതുപ്പ് നിലങ്ങളുടെ സംരക്ഷണത്തിനും തീരദേശ പരിപാലനത്തിനും വേണ്ടത്ര പരിഗണന നൽകണം.<br><br>12. പദ്ധതിയേതര റവന്യൂ കമ്മി നികത്തുന്നതിനും ഭരണഘടനയുടെ അനുഛേദം 275 പ്രകാരമുള്ള ഗ്രാന്റ് അനുവദിക്കണം. കൂടാതെ സംസ്ഥാനത്തിന്റെ പ്രത്യേക പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് 57,229 കോടി രൂപയുടെ ധനസഹായം അനുഛേദം 275 പ്രകാരം അനുവദിക്കണം.<br><br>13. സംസ്ഥാന ദുരന്ത നിവാരണ ഫണ്ട് 30 ശതമാനം കണ്ട് വർദ്ധിപ്പിക്കണമെന്നും നിവാരണ ഫണ്ടിലെ കേന്ദ്ര വിഹിതം നിലവിലെ 75 ശതമാനത്തിൽ നിന്നും 90 ശതമാനമായി വർദ്ധിപ്പിക്കണമെന്നും കമ്മീഷനോട് ആവശ്യപ്പെട്ടിട്ടുണ്ട്.<br><br>**കൂടാതെ,**<br><br>1996-97 മുതൽ 2014-15 വരെയുള്ള [പത്താം ധനകാര്യ കമ്മീഷൻ മുതൽ പതിമൂന്നാം ധനകാര്യ കമ്മീഷൻ വരെ] കാലയളവിൽ സംസ്ഥാനത്തിന് ലഭിക്കേണ്ട നികുതി വിഹിതത്തിൽ 2626.17 കോടി രൂപയുടെ കുറവുണ്ടായതായി C&AG അറിയിച്ചതിനെത്തുടർന്ന് ടി തുക അടിയന്തിരമായി സംസ്ഥാനത്തിന് ലഭ്യമാക്കാൻ കേന്ദ്രത്തിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**